# കേരള സംസ്ഥാന വൈദ്യുതി
# റഗുലേറ്ററി കമ്മീഷൻ

# 2013-ലെ കേരള സംസ്ഥാന
# വൈദ്യുതി റഗുലേറ്ററി കമ്മീഷൻ
# നിധി ചട്ടങ്ങൾ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിൽ അച്ചടിച്ചത്-2022.

കേരള സർക്കാർ

ഊർജ്ജ (എ) വകുപ്പ്

**വിജ്ഞാപനം***

**സ.ഉ. (അച്ചടി) നമ്പർ 20/2013/പിഡി.** തിരുവനന്തപുരം, 2013 ഏപ്രിൽ 25.

എസ്.ആർ.ഒ. നമ്പർ 382/2013.—2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 180-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ജി) ഖണ്ഡം 103-ാം വകുപ്പ് (1)-ഉം (3)-ഉം ഉപവകുപ്പുകളുമായി കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചും ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ചും കേരള സർക്കാർ ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി ചട്ടങ്ങൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.— (1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ആക്റ്റ്'' എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) ''അക്കൗണ്ടിങ് കാലയളവ്'' എന്നാൽ കമ്മീഷൻ, കണക്കുകൾ തയ്യാറാക്കേണ്ടതും സാമ്പത്തിക വർഷത്തോട് സമകാലവർത്തിയായതുമായ കാലയളവ് എന്നർത്ഥമാകുന്നു;

(സി) ''കമ്മീഷൻ'' എന്നാൽ ആക്റ്റിലെ 82-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഡി) ''ചെയർപേഴ്സൺ'' എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഇ) ''ഡ്രോയിങ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർ'' എന്നാൽ കമ്മീഷന് വേണ്ടി ഈ ചട്ടങ്ങളുടെ 5-ാം ചട്ടം (3)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന പ്രകാരം നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും പണംകൊടുക്കലുകൾ നടത്തുന്നതിനും കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) ''നിധി'' എന്നാൽ 103-ാം വകുപ്പു പ്രകാരം രൂപീകരിക്കുന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി എന്നർത്ഥമാകുന്നു;

(ജി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) ''അംഗം'' എന്നാൽ കമ്മീഷനിലെ അംഗം എന്നർത്ഥമാകുന്നു;

(ഐ) ''ഉദ്യോഗസ്ഥൻ'' എന്നാൽ കമ്മീഷനിലെ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ജെ) ''സെക്രട്ടറി'' എന്നാൽ കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(കെ) ''വകുപ്പ്'' എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ വരുന്നതും ഈ ചട്ടങ്ങളിൽ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കോ പ്രയോഗങ്ങൾക്കോ യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

---

* 2013 മേയ് 9-ാം തീയതിയിലെ 1307-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013 ഏപ്രിൽ 25-ാം തീയതിയിലെ നമ്പർ സ.ഉ.(അച്ചടി)20/2013/പിഡി. വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തി.

3. 103-ാം വകുപ്പു പ്രകാരമുള്ള നിധി രൂപീകരണം.— (1) 103-ാം വകുപ്പു പ്രകാരമുള്ള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി രൂപീകരിക്കേണ്ടതാണ്.

(2) നിധിയിൽ,—

(i) ആക്റ്റിലെ 102-ാം വകുപ്പു പ്രകാരം സംസ്ഥാനസർക്കാർ, കമ്മീഷന് നൽകുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും;

(ii) ആക്റ്റ് പ്രകാരം കമ്മീഷന് ലഭിക്കുന്ന എല്ലാ ഫീസുകളും പിഴകളും;

(iii) സംസ്ഥാന സർക്കാരിനാൽ തീരുമാനിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം മറ്റു സ്രോതസ്സുകളിൽനിന്നും കമ്മീഷന് ലഭിക്കുന്ന മറ്റെല്ലാ തുകകളും

ഉൾപ്പെടുന്നതാണ്.

(3) കമ്മീഷൻ ഉചിതമെന്നു കരുതുന്ന പ്രകാരം, നിധിയുടെ മെയിൻ അക്കൗണ്ട് ഏതെങ്കിലും ദേശസാൽകൃത ബാങ്കിലും സബ്സിഡിയറി അക്കൗണ്ടുകൾ അങ്ങനെയുള്ള ബാങ്കുകളുടെ അങ്ങനെയുള്ള മറ്റു ശാഖകളിലും സൂക്ഷിച്ചുപോരേണ്ടതാണ്.

(4) നിധിയുടെ രൂപീകരണ തീയതിയിലും അന്നുമുതലും കമ്മീഷന്റെ കൈവശമുള്ള എല്ലാ പണവും നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ഭാഗമാവുകയും ചെയ്യുന്നതാണ്.

4. നിധിയുടെ ഉപയോഗം.— (1) നിധി,—

(എ) കമ്മീഷന്റെ ചെയർപേഴ്സൺ, അംഗങ്ങൾ, സെക്രട്ടറി, ഉദ്യോഗസ്ഥർ, മറ്റു ജീവനക്കാർ എന്നിവരുടെ ശമ്പളം, ബത്തകൾ, മറ്റു പ്രതിഫലങ്ങൾ;

(ബി) കമ്മീഷൻ രൂപീകരിക്കുന്ന ഉപദേശക സമിതി അംഗങ്ങൾക്കുവേണ്ടിയുള്ള ഓണറേറിയം;

(സി) വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതുൾപ്പെടെയുള്ള ഗതാഗത ചാർജുകൾ;

(ഡി) ഭരണപരമായതും പൊതുവായതുമായ ചെലവുകൾ;

(ഇ) ഉപകരണങ്ങൾ, ഫിറ്റിങ്ങുകൾ, ഇൻഷ്വറൻസ് എന്നിവയുടെ ചെലവ് ഉൾപ്പെടെ കമ്മീഷനുവേണ്ടിയുള്ള ഒരു പ്രധാന ഓഫീസിന്റെയും അങ്ങനെയുള്ള മറ്റു ഓഫീസുകളുടെയും ഏർപ്പെടുത്തലും പരിപാലനവും ഉൾപ്പെടെയുള്ള ഓഫീസ് പരിസരങ്ങളുടെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമുള്ള ചെലവുകൾ;

(എഫ്) സാങ്കേതിക പഠനങ്ങൾ, സാമ്പിളും മാതൃകയും പഠനങ്ങൾ, സാമ്പത്തിക വിശകലനം മുതലായവയ്ക്ക് വേണ്ടിയുള്ള കൺസൾട്ടൻസി ചെലവ്;

(ജി) പെൻഷനും മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങളും;

(എച്ച്) പലവകയായതും മറ്റുള്ളതുമായ ചെലവുകൾ;

(ഐ) കമ്മീഷൻ ഏർപ്പെടുത്തുന്ന നിയമോപദേഷ്ടാക്കൾക്കുള്ള ഫീസ് നൽകുന്നത് ഉൾപ്പെടെയുള്ള നിയമസംബന്ധമായ ചെലവുകൾ;

(ജെ) സ്റ്റാഫിനുള്ള വായ്പകളും അഡ്വാൻസുകളും;

(കെ) ആരോഗ്യ ഇൻഷ്വറൻസ്, കുടുംബ സഹായ നിധികൾ തുടങ്ങിയവ പോലുള്ള സ്റ്റാഫ് ക്ഷേമനടപടികളിലേക്കുള്ള ധനസഹായം;

(എൽ) നിയമപരമായ നിക്ഷേപങ്ങൾ;

(എം) ആസ്തികൾ, മറ്റ് മൂലധന ഇനങ്ങൾ മുതലായവ വിലയ്ക്ക് വാങ്ങൽ;

(എൻ) കമ്മീഷന്റെ കണക്കുകളുടെ ആഡിറ്റിനുവേണ്ടിയുള്ള ഫീസ്;

(ഒ) സ്റ്റേഷനറിക്ക്, അച്ചടിക്ക്, മുഴുവൻ ഓഫീസുകൾക്ക്, പരസ്യം ചെയ്യലിന് എന്നിവയ്ക്കുള്ള ചെലവുകൾ;

(പി) ആക്റ്റിലെ 86-ാം വകുപ്പു പ്രകാരം കമ്മീഷന്, താഴെപ്പറയുന്നവ പോലുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിനുള്ള ചെലവുകൾ,—

(i) താരിഫ് നിർണ്ണയവുമായി ബന്ധപ്പെട്ട ചെലവുകൾ;

(ii) ലൈസൻസുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ;

(iii) തർക്കങ്ങൾ ന്യായനിർണ്ണയം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ;

(iv) വിവിധ റഗുലേഷനുകളും നിയമ സംഹിതകളും (codes) വിനിർദ്ദേശിക്കുന്നതിന്; റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ അവ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ;

(v) വൈദ്യുതി വിലയ്ക്കുവാങ്ങലും ആർജ്ജിക്കലും പ്രക്രിയയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട ചെലവുകൾ;

(ക്യൂ) ആക്റ്റ് അധികാരപ്പെടുത്തുന്ന ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവുകൾ

നേരിടുന്നതിനായി വിനിയോഗിക്കേണ്ടതാണ്.

(2)(1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകളുടെ സാമാന്യതക്ക് ഭംഗംവരാത്തവിധം, താഴെപ്പറയുന്ന ഇനങ്ങളുടെയും ചെലവ് നേരിടുന്നതിന് നിധിയിലെ പണം ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) 20-ാം വകുപ്പു പ്രകാരം ഏതെങ്കിലും യൂട്ടിലിറ്റിയുടെ പ്രവർത്തനത്തിനുവേണ്ടി ചെയ്ത ഇടക്കാല ക്രമീകരണം;

(ബി) 22-ാം വകുപ്പു പ്രകാരം തെരുവിലോ പൊതുസ്ഥലത്തോനിന്നും ലൈസൻസികളുടെ പ്രവൃത്തികൾ നീക്കംചെയ്യൽ;

(സി) 42-ാം വകുപ്പു പ്രകാരം നിയമിക്കുന്ന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെയും സപ്പോർട്ടിംഗ് സ്റ്റാഫിന്റെയും പ്രതിഫലവും മറ്റു ചെലവുകളും;

(ഡി) 59-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം ലൈസൻസികൾ നൽകുന്ന വിവരങ്ങളുടെ പ്രസിദ്ധീകരണം;

(ഇ) 91-ാം വകുപ്പ് (4)-ാം ഉപവകുപ്പു പ്രകാരം നിയമിക്കുന്ന കൺസൾട്ടന്റുമാർക്ക് നൽകേണ്ടതായ പ്രതിഫലം അല്ലെങ്കിൽ ഫീസ്;

(എഫ്) കമ്മീഷൻ അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിനു നിയമിക്കുന്ന വിദഗ്ദ്ധർക്കുള്ള പ്രതിഫലം;

(ജി) 181-ാം വകുപ്പു പ്രകാരം റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള ചെലവ്;

(എച്ച്) കമ്മീഷന്റെ പ്രവർത്തനത്തിനോ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനോ ആനുഷംഗികമായ പ്രകാരമുള്ള മറ്റ് കാര്യങ്ങൾ.

5. നിധിയുടെ പ്രവർത്തനരീതി.— (1) നിധി, കമ്മീഷനോ അതിന്റെ സെക്രട്ടറിയോ കമ്മീഷൻ സ്ഥാന നിർദ്ദേശം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനോ പ്രവർത്തിപ്പിക്കേണ്ടതാണ്.

(2) കമ്മീഷൻ, നാമനിർദ്ദേശം ചെയ്യുന്ന ബാങ്കിലേക്ക് അവരുടെ അറിവിനുവേണ്ടിയും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി അക്കൗണ്ടിന്റെ പ്രവർത്തനത്തിനുവേണ്ടിയും ആധികാരിക പ്രതിനിധിയായി ഒപ്പിടുന്ന ആളുകളുടെ മാതൃകാ കൈയൊപ്പ് ലഭ്യമാക്കേണ്ടതാണ്.

(3) ബഡ്ജറ്റ് വകയിരുത്തൽ പ്രകാരം സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകളോ വായ്പകളോ പിൻവലിക്കുന്നതിനും നിധിയിലേക്ക് നിക്ഷേപിക്കുന്നതിനും ഡ്രോയിങ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർ ക്രമീകരണം നടത്തേണ്ടതാണ്.

(4) ലഭിച്ച എല്ലാ നിധികളും കമ്മീഷന്റെ ബാങ്കിലെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതും കമ്മീഷൻ അധികാരപ്പെടുത്തുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥർ ഒപ്പിട്ട ഒരു ചെക്ക് സമർപ്പിക്കുമ്പോളല്ലാതെ പിൻവലിക്കാൻ പാടില്ലാത്തതുമാണ്.

(5) സ്ഥാനനിർദ്ദേശംചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, കമ്മീഷനുവേണ്ടി വരവുകളുടെയും പണം കൊടുക്കലുകളുടെയും ശരിയായ ഇടപാട് നിരീക്ഷിക്കുന്നതിനുവേണ്ടി ഉത്തരവാദിയായിരിക്കുന്നതാണ്.

(6) സ്ഥാനനിർദ്ദേശംചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, അക്രഡിറ്റഡ് ബാങ്കുകളിൽ നിക്ഷേപിച്ച ചെക്കുകളുടെ/ഡിമാന്റ് ഡ്രാഫ്റ്റുകളുടെ തുക കമ്മീഷന്റെ അക്കൗണ്ടിൽ യഥാസമയം വരവ് വയ്ക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അവരുമായി ചേർന്ന് ഓരോ മൂന്ന് മാസത്തിലും വരവുകളുടെയും പണംകൊടുക്കലുകളുടെയും അക്കൗണ്ട് പൊരുത്തപ്പെടുന്നതിനും ഉത്തരവാദിയായിരിക്കുന്നതാണ്.

6. അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.— കമ്മീഷൻ, വിവിധ ചെലവുകളുടെ അനുമതിക്കും കമ്മീഷൻ, ചെയർപേഴ്സൺ, കമ്മീഷന്റെ സെക്രട്ടറി എന്നിവർക്കിടയിൽ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിനുംവേണ്ടി വിശദമായ നടപടിക്രമം നിശ്ചയിക്കേണ്ടതാണ്.

7. ബഡ്ജറ്റ്.— കമ്മീഷൻ, അനുബന്ധം I-ൽ നൽകിയിട്ടുള്ള മാതൃകയിൽ അതിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും പുതുക്കിയ എസ്റ്റിമേറ്റുകളും അനുബന്ധം II-ലെ അന്തിമ ഗ്രാന്റ് സ്റ്റേറ്റ്മെന്റും തയ്യാറാക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും യഥാക്രമം ജനുവരി 15-നും സെപ്റ്റംബർ 30-നും അകം സംസ്ഥാന സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

8. കണക്കുകളും ആഡിറ്റും.—(1) കമ്മീഷന്റെ കണക്കുകൾ സംസ്ഥാന സർക്കാർ, ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കുന്ന പ്രകാരമുള്ള മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്.

(2) കമ്മീഷന്റെ കണക്കുകൾ, കമ്മീഷന്റെ ചെയർപേഴ്സൺ, അംഗം (ധനകാര്യം), സെക്രട്ടറി, ഡ്രോയിങ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർ എന്നിവർ പ്രമാണീകരിക്കേണ്ടതാണ്.

(3) കമ്മീഷന്റെ കണക്കുകൾ, സാമ്പത്തികവർഷം അവസാനിക്കുന്നതിന്റെ മൂന്നു മാസത്തിനുള്ളിൽ, ആഡിറ്റിനുവേണ്ടി ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനോ (സി.എ.ജി) അദ്ദേഹം ഇതിലേക്കു നിയമിക്കുന്ന മറ്റേതെങ്കിലും ആളിനോ അയച്ചുകൊടുക്കേണ്ടതാണ്. അപ്രകാരമുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് നേരിടുന്ന ഏതെങ്കിലും ചെലവുകൾ കമ്മീഷൻ, ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനോ അദ്ദേഹം ഇതിലേക്കു നിയമിക്കുന്ന മറ്റേതെങ്കിലും ആളിനോ നൽകേണ്ടതാണ്.

(4) സംസ്ഥാന നിയമസഭയുടെ മുമ്പാകെ ആഡിറ്റ് റിപ്പോർട്ട് വയ്ക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രാപ്തമാക്കുന്നതിനായി, ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലോ അദ്ദേഹം ഇതിലേക്കു നിയമിക്കുന്ന മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം, കമ്മീഷൻ ഓരോ വർഷവും ഡിസംബർ 31-ന് അകം സംസ്ഥാന സർക്കാരിന് വർഷംതോറും അയച്ചുകൊടുക്കേണ്ടതാണ്.

(5) ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനോ കമ്മീഷന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുവേണ്ടി അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളിനോ അപ്രകാരമുള്ള ആഡിറ്റുമായി ബന്ധപ്പെട്ട്, സർക്കാർകണക്കുകൾ ആഡിറ്റ്ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് ഉള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു രേഖകളും കടലാസുകളും ഹാജരാക്കാൻ ആവശ്യപ്പെടാനും കമ്മീഷന്റെ ഏതൊരു ഓഫീസും പരിശോധിക്കാനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

# അനുബന്ധം I

## പുതുക്കിയ എസ്റ്റിമേറ്റുകൾ (നിലവിലെ വർഷത്തെ)/ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ (അടുത്ത വർഷത്തെ)

| അക്കൗണ്ട് ഹെഡ് | കഴിഞ്ഞ രണ്ട് വർഷത്തെ ആക്ചൽസ് | ബഡ്ജറ്റ് വിഹിതം | ആദ്യ 6 മാസത്തെ ആക്ചൽസ് (മുൻ 2 വർഷവും സാമ്പത്തിക വർഷവും) | | | അവസാന 6 മാസത്തെ ആക്ചൽസ് (മുൻ 2 വർഷത്തേത്) | | | കഴിഞ്ഞ 6 മാസത്തെ എസ്റ്റിമേറ്റ് (സാമ്പത്തിക വർഷം) | മൊത്തം പുതുക്കിയ എസ്റ്റിമേറ്റ് | ബഡ്ജറ്റ് എസ്റ്റിമേറ്റ് | വിഹിതവും പുതുക്കിയ എസ്റ്റിമേറ്റുകളും തമ്മിലുള്ള വ്യത്യാസം (11-4) | ബഡ്ജറ്റ് എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റുകളും തമ്മിലുള്ള വ്യത്യാസം (12-11) | വ്യത്യാസത്തിനുള്ള കാരണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |

<u>കുറിപ്പ്</u> 1:- അക്കൗണ്ട് ഹെഡ് അനുബന്ധം എ-യിലെ ലിസ്റ്റ് പ്രകാരമായിരിക്കേണ്ടതാണ്.

<u>കുറിപ്പ്</u> 2:- ബഡ്ജറ്റ് വകയിരുത്തൽ അനുബന്ധം ബി-യിൽ ലിസ്റ്റ്ചെയ്തിട്ടുള്ള പ്രകാരമുള്ള വിശദമായ മെമ്മോറാണ്ടത്തോടുകൂടി വിശദീകരിക്കേണ്ടതാണ്.

## അനുബന്ധം II

### അന്തിമ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് (സാമ്പത്തികവർഷം)

| *അക്കൗണ്ട് ഹെഡ്* | *പുതുക്കിയ വിഹിതം കിട്ടിയത്* | *ആദ്യ 10 മാസത്തെ ആക്ച്വൽസ്* | *അവസാന 2 മാസത്തെ ആവശ്യകത* | *മൊത്തം അന്തിമ ഗ്രാന്റ്* | *ചെലവ് കഴിച്ച് നീക്കിയുള്ള മിച്ചം/ അധികം* | *അഭിപ്രായം* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

*കുറിപ്പ്* 1:- അക്കൗണ്ട് ഹെഡ് അനുബന്ധം എ-യിലെ ലിസ്റ്റ് പ്രകാരമായിരിക്കേണ്ടതാണ്.

*കുറിപ്പ്* 2:- ബഡ്ജറ്റ് വകയിരുത്തൽ അനുബന്ധം ബി-യിൽ ലിസ്റ്റ്ചെയ്തിട്ടുള്ള പ്രകാരമുള്ള വിശദമായ മെമ്മോറാണ്ടത്തോടുകൂടി വിശദീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. ശിവശങ്കർ,

*സർക്കാർ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 103-ാം വകുപ്പ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി എന്നുവിളിക്കുന്ന ഒരു നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പു പ്രകാരം സംസ്ഥാന സർക്കാരിന്, ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച്, കമ്മീഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ചെലവുകളും ആക്റ്റ് അധികാരപ്പെടുത്തുന്ന ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവുകളും നേരിടുന്നതിനുവേണ്ടി നിധി വിനിയോഗിക്കുന്നതിനുള്ള രീതി നിർണ്ണയിക്കാവുന്നതാണ്. അതിനാൽ ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് ഈ ആവശ്യങ്ങൾക്കായി ചട്ടങ്ങൾ നിർണ്ണയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

*കുറിപ്പ്:—* ഈ മലയാള പരിഭാഷയും 2013 മേയ് 9-ാം തീയതിയിലെ 1307-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013 ഏപ്രിൽ 25-ാം തീയതിയിലെ നമ്പർ സ.ഉ.(അച്ചടി)20/2013/പിഡി. വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷിലുള്ള Kerala State Electricity Regulatory Commission Fund Rules, 2013-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ലീഷിലുള്ള ചട്ടങ്ങൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.